# മലയാള നിരൂപണം കൈവഴികൾ

ഡോ.ടി.കെ സന്തോഷ് കുമാർ
മലയാളവിഭാഗം
സെൻ്റ് സേവ്യേഴ്സ് കോളേജ് തുമ്പ

" വിമർശനം എന്നാൽ വിധി നിർണയം (Judgment) "- W.H ഹഡ്സൺ

# വിമർശകനുണ്ടായിരിക്കേണ്ട ഗുണങ്ങൾ

1 അത്യഗാധമായ ജ്ഞാനം

2.ഉൾക്കാഴ്ച്ച

3 ശാസ്ത്രബോധം.

4. ഔചിത്യബോധം.

5 സരസവും തെളിമയുള്ളതുമായ നിരീക്ഷണ ബോധം

6 അപഗ്രഥന വൈദഗ്ധ്യം.

7വ്യാഖ്യാനശ്രമം

# മലയാള നിരൂപണത്തിന്റെ പ്രാരംഭം

1 മണിപ്രവാള ലക്ഷണ ഗ്രന്ഥമായ ലീലാതിലകത്തിൽ (14- നൂറ്റാണ്ട്.) യുക്തിവാദപരമായ വിമർശനരീതികൾകാണാം

2 മണിപ്രവാളത്തിന്റെ ജീവൻ വ്യംഗ്യമാണ് എന്ന് ധ്വനി പക്ഷപാതം പ്രകടിപ്പിക്കുന്നു.

3 മണിപ്രവാള ഭാഷയിലെ പദങ്ങളുടെ വ്യക്തിത്വം സാഹചര്യം കൊണ്ടാണ് തീരുമാനിക്കേണ്ടത്. അപനിർമാണ സാധ്യതയിലേക്ക് വിരൽ ചൂണ്ടുന്നു.

# മലയാള വിമർശനത്തിന്റെ ആദ്യ രശ്മികൾ

1 രാജ്യ സമാചാരം, ജ്ഞാന നിക്ഷേപം, വിദ്യാ സംഗ്രഹം എന്നിവയിൽ വന്ന ഗ്രന്ഥനിരൂപണങ്ങൾ

2. വിദ്യാസംഗ്രഹത്തിൽ സൻമാർഗോപദേശം എന്ന ലേഖനത്തിലെ വ്യാകരണ തെറ്റുകൾ ചൂണ്ടിക്കാണിക്കാൻ റവ.ജോർജ്ജ് മാത്തനു കഴിഞ്ഞു

3 അന്നത്തെ ഔദ്യോഗിക ഭാഷയായി തമിഴിനു പകരം മലയാം ഭാഷയാക്കണമെന്ന് വാദിച്ചു..

4 ബ്രാഹ്മണരുടെ ഭാഷയുടെ മേലുള്ള അധികാരത്തെ ചോദ്യം ചെയ്തു..

5. വിദ്യാ വിലാസിനി, വിദ്യാവിനോദിനി., ഭാഷാപോഷിണി,,മലയാളി, ഭാഷാ വിലാസം,മംഗളോദയം, എന്നീ മാസികകളിൽ വന്ന ഗ്രന്ഥ നിരൂപണങ്ങൾ

# കേരളവർമ്മ വലിയകോയിത്തമ്പുരാൻ

1 നവീന മലയാള ഗദ്യത്തിന്റെയും മലയാള വിമർശനത്തിന്റെയും പ്രോദ്ഘാടകൻ

2 പ്രാസം കൈരളീ ദേവിയുടെ മണി മഞ്ജീരമാണെന്നു പറഞ്ഞു

3 പോഷക വിമർശകൻ

4. പുസ്തക കമ്മറ്റി ചെയർമാൻ

51890 ൽ മലയാള മനോരമയിൽ കണ്ടത്തിൽ വർഗീസ് മാപ്പിളയോടൊപ്പം നടത്തിയ പ്രവർത്തനങ്ങൾ

# ഏ. ആർ.രാജരാജവർമ

1 സംസ്കൃത വ്യാകരണപണ്ഡിതൻ

2 പാശ്ചാത്യ സാഹിത്യ പരിചയം, കാവ്യബോധം

3 ഇംഗ്ലീഷ് ഭാഷയുടെ ചുവടുപിടിച്ച് മലയാള ഗദ്യ ഭാഷയെ പരിപോഷിപ്പിക്കാൻ സാഹിത്യ സാഹ്യം രചിച്ചു

4. നളിനിയുടെ അവതാരിക.- ഗതാനുഗതികത്വത്തെക്കാൾ നവ നവോല്ലേഖ കല്പനയിലാണ് കവികൾ അധികം ശ്രദ്ധിക്കേണ്ടത്.

5 വാര്യർ മിൽട്ടനും,നമ്പ്യാർ ഷേക്സ്പിയറിനും സമശീർഷനാണെന്ന് വാദിച്ചു

# സി പി അച്യുതമേനോൻ

1 മലയാളത്തിലെ യഥാർത്ഥ വിമർശനത്തിന് അടിത്തറയിട്ട വ്യക്തി

2. വിദ്യാവിനോദിനിയിലൂടെ നടത്തിയ നിരൂപണ പ്രവർത്തനങ്ങൾ

3. വിദ്യാവിനോദിനി ആദ്യലക്കത്തിലെ ലേഖനമായ ഭാഷാ കവിതയിൽ " ഭാഷാ കവിതയുടെ അവസ്ഥ വളരെ കഷ്ടമായിട്ടുണ്ട് എന്ന നിരൂപണവാക്യം, മലയാളത്തിലെ ആധുനിക സ്വഭാവത്തിലുള്ള ആദ്യ നിരൂപണ വാക്യമായി അഴീക്കോട് രേഖപ്പെടുത്തുന്നു.

4. ദുഷ് കവിതകളെ വിഷഭക്ഷണത്തോടുപമിച്ചു

5. ഇന്ദുലേഖ നോവൽ കാവ്യമാണ്.

6. കേരളവർമയുടെ. പോഷക വിമർശനത്തെ തള്ളിക്കളഞ്ഞു.

# സാഹിത്യ പഞ്ചാനനൻ പി.കെ നാരായണപിള്ള

1 പണ്ഡിതശ്രേഷ്ഠൻ, ഏ.ആറിന്റെ ശിഷ്യ പ്രധാനി,

2.എഴുത്തച്ഛൻ, കുഞ്ചൻ നമ്പ്യാ ർ, ചെറുശ്ശേരി, എന്നിവരെക്കുറിച്ചെഴുതിയ മൂന്നു ഭാഷാ കവികൾ എന്ന ഗ്രന്ഥം ശ്രദ്ധേയം

3. എഴുത്തച്ഛന്റെ മൗനത്തിൽ പോലും ഭക്തി രസം തുളുമ്പി നിൽക്കുന്നു.. എന്ന ചിന്ത

# കേസരി ബാലകൃഷ്ണപിള്ള

1 വിഗ്രഹഭഞ്ജകത്വം കൊണ്ട് സാഹിത്യത്തിലെ പൂർവ്വ ധാരണകളെ തിരുത്തി. നവലോകനിർമിതിക്ക് സാഹിത്യത്തെഉപയോഗിച്ചു.

2. മലയാളത്തിന് സുപരിചിതമായ പല സാഹിത്യ സാങ്കേതിക പദങ്ങളുടെയും നിർമാതാവ്

3. മലയാളത്തിലെ ആദ്യത്തെ അന്തർ വിജ്ഞാന വിമർശകൻ

4. റൊമാന്റിസിസം- മനംനോക്കി പ്രസ്ഥാനം

5 ചണ്ഡാലഭിക്ഷുകി യിലൂടെ ജാതിക്കൊല്ലി പ്രസ്ഥാനം ആരംഭിച്ചു

6 തേവർ വാഴ്ത്തി പ്രസ്ഥാനം.-എഴുത്തച്ഛൻ അവതാരകഥകൾ പാടിയതുകൊണ്ട്

7 തേവർ വീഴ്ത്തി പ്രസ്ഥാനം- നമ്പ്യാർ ദേവൻമാരെ ഭൂമിയിലേക്ക് കൊണ്ടുവന്നു..

# വിമർശന ത്രയം
# എം.പി പോൾ

1 പുരോഗമന സാഹിത്യത്തിന്റെ അമരക്കാരൻ

2 സാമൂഹികപുരോഗതിയ്ക്കു തകുന്ന സാഹിത്യം സൗന്ദര്യാത്മക സൃഷ്ടിയായിരിക്കണം എന്നഭിപ്രായപ്പെട്ടു

3. സൗന്ദര്യ സങ്കല്പത്തിന് വിശദീകരണം നൽകുന്ന സൗന്ദര്യ നിരീക്ഷണം എന്ന ഗ്രന്ഥം

4. കല കലയ്ക്കു വേണ്ടി എന്നു വാദിക്കുന്നവർ ഊണ് ഊണിനു വേണ്ടി വാദിക്കാം എന്ന് നിരീക്ഷിച്ചു.

# കുട്ടികൃഷ്ണമാരാർ

1 സാഹിത്യം വിദ്യയാണ് എന്ന് വാദിച്ചു.

2. നമ്പ്യാരുടെ ഹാസ്യത്തെവില കുറഞ്ഞ ഹാസ്യമായി കരുതി

3. കല കലയ്ക്കു വേണ്ടി, കല ജീവിതത്തിനു വേണ്ടി എന്നീ വാദത്തെ മറികടക്കാൻ കല ജീവിതം തന്നെ എന്ന സിദ്ധാന്തം അവതരിപ്പിച്ചു

4. നിഷ്പക്ഷ നിരൂപണം എന്നൊന്നില്ല എന്ന് പറഞ്ഞു.

5 ഇഷ്ട കവിയായി നാലപ്പാടനേയും വള്ളത്തോളിനേയും പ്രതിഷ്ഠിച്ചു.

6. ചിന്താവിഷ്ടയായ സീത വാല്മീകിയെ അനുകരിച്ചെഴുതിയതാണെന്ന് പറഞ്ഞു

# <u>ജോസഫ് മുണ്ടശ്ശേരി</u>

1 പാശ്ചാത്യ പൗരസ്ത്യ തത്വങ്ങളെ സമന്വയിപ്പിച്ചു

2. രൂപഭദ്രതാ വാദം

3ഭാവമാണ് ജീവൻ എന്ന ചിന്ത

4 കുമാരനാശാൻ.വള്ളത്തോൾ എന്നിവരെ സ്വാംശീകരിച്ചു. ഉള്ളൂരിനെ അകറ്റി നിർത്തി

5 മാറ്റൊലി, മാനദണ്ഡം, കാവ്യപീഠിക, അന്തരീക്ഷം പ്രധാന കൃതികൾ

## <u>വിമർശനത്രയത്തിനുശേഷം ശ്രദ്ധിക്കപ്പെട്ടവർ</u>
## <u>കുറ്റിപ്പുഴ കൃഷ്ണപിള്ള</u>

1 വിമർശകരിലെ യുക്തിവാദി

2 കേവല സൗന്ദര്യം എന്നൊന്നില്ല. അത് ആപേക്ഷികമാണ്

# പി.ശങ്കരൻ നമ്പ്യാർ

1പാശ്ചാത്യ സമ്പ്രദായങ്ങൾ വിമർശനത്തിൽ സ്വീകരിച്ചു.

2.ഗീതം, ഗീതകം, സ്വഗതാഖ്യാനം എന്നിവ മലയാളികൾക്ക് പരിചയപ്പെടുത്തി

# ഡോ.കെ.ഭാസ്കരൻ നായർ

ശാസ്ത്ര ചിന്താഗതി പുലർത്തിയെങ്കിലും ആത്മനിഷ്ഠ വിമർശനത്തിന്റെ അതിശക്തനായ വക്താവായിരുന്നു അദ്ദേഹം.

# പി.കെ നാരായണപിള്ള

ആനന്ദവർദ്ധന്റെ ധ്വനി സങ്കേതത്തെ മലയാളത്തിൽ നിന്നുള്ള ഉദാഹരണങ്ങൾ നിരത്തി ഹൃദ്യമായി വ്യാഖ്യാനിച്ചുകൊണ്ട് ആധുനിക മലയാള കവിതയുടെ ഉന്നത മൂല്യങ്ങൾ പുതിയ തലമുറയ്ക്ക് പകരാനുള്ള ശ്രമം നടത്തി

സാഹിതീ കടാക്ഷം, സംസ്കാര കുതുകം., സാഹിത്യ കേളി, കൈരളി ധ്വനി എന്നിവ കൃതികൾ

# എസ്. ഗുപ്തൻ നായർ

1എം പി പോളിന്റെ ശൈലിയോടും, സമീപനത്തോടും സാമ്യം

2വിമർശനം ഖണ്ഡനമോ, ചരിത്രപരമോ , താരതമ്യാത്മകമോ എന്നതിനേക്കാൾ പ്രധാനം ആസ്വാദകന് സഹായകരമാവുക എന്നതാണ്

3 ഇസങ്ങൾ വരികയും പോവുകയും ചെയ്യും. സാഹിത്യത്തിന്റെ സ്വത: സ്ഫൂർത്തമായ രസം ഇസങ്ങൾക്കപ്പുറമാണ്

# സുകുമാർ അഴീക്കോട്

1 ആശാന്റെ സീതാകാവ്യം എന്ന ഗ്രന്ഥത്തിലൂടെ നിരൂപണ രംഗത്തേക്ക് കടന്നു വന്നു

2. റൊമാന്റിക്ക് കവിതയുടെ അപചയത്തിന്റെ സൃഷ്ടികളെന്ന നിലയിൽ ജി.ശങ്കരക്കുറുപ്പിനേയും, ചങ്ങമ്പുഴയേയും കടന്നാക്രമിച്ചു.

3 സംഹിതകൾ, ബ്രാഹ്മണങ്ങൾ, ആരണ്യകങ്ങൾ., ഉപനിഷത്തുകൾ എന്നിവയുടെ സാരാംശം സാധാരണക്കാരിൽ എത്തിക്കാനായി രചിച്ച തത്ത്വമസി ശ്രദ്ധേയം

# എം.അച്യുതൻ

1മുന്തിരിങ്ങാവിഴുങ്ങിയാൽ പോരാനാവിൽ ഉടച്ച ലിയിച്ച് കഴിച്ചാലെ മാധുര്യമറിയു എന്ന് വൈലോപ്പിള്ളി കവിതകളെക്കുറിച്ച് പറഞ്ഞു.

2 പാശ്ചാത്യ സാഹിത്യദർശനം, വിവേചനം, വിമർശലോചനം,സമന്വയം, ചെറുകഥ ഇന്നലെ ഇന്ന് എന്നീ കൃതികൾ രചിച്ചു

# എം ലീലാവതി

1 കാല്പനിക നിരൂപണശൈലിയുമായി നിരൂപണ രംഗത്തേക്ക് കടന്നു വന്നു. തുടർന്ന് ശാസ്ത്ര വഴിയിലൂടെ മനശാസ്ത്ര നിരൂപണത്തിലും നവീന ചിന്താപദ്ധതികളിലും എത്തിച്ചേർന്നു.

2 മലയാളത്തിലെ വിലാപകാവ്യങ്ങളെ വിശ്വസാഹിത്യത്തിന്റെ പശ്ചാത്തലത്തിൽ പരിശോധിക്കുന്ന കണ്ണീരും മഴവില്ലും എന്ന കൃതി ശ്രദ്ധേയമാണ്

3 വർണ്ണ രാജി, അമൃത മശ് നു തേ, നവതരംഗം, കവിതാധ്വനി എന്നീ കൃതികൾ രചിച്ചു

# <u>കെ.പി അപ്പൻ</u>

1 സ്വതന്ത്രവാദിയായ വിമർശകൻ

2 മലയാളത്തിൽ ആധുനികതയുടെ വ്യാപനത്തെത്തുടർന്ന് പ്രചരിച്ച സ്വതന്ത്രവാദത്തിന്റെ മുഖ്യ വക്താവായി രംഗത്തുവന്നു.

3. സാർത്രി ന്റെയും കോളിൻ വിൽസന്റെയും പാരമ്പര്യം ഏറ്റുവാങ്ങി അസ്തിത്വവാദപരമായ വ്യാഖ്യാനങ്ങൾ നിർവഹിച്ചു

4തിരസ്കാരം, മാറുന്ന മലയാളനോവൽ, ഉത്തരാധുനികത വർത്തമാനവും വംശാവലിയും രോഗവും സാഹിത്യഭാവനയും, ഫിക്ഷന്റെ അവതാരലീലകൾ - കൃതികൾ

# ആഷാമേനോൻ

കലിയുഗാരണ്യകങ്ങൾ, പുതിയ പുരുഷാർത്ഥങ്ങ ൾ, ഹെർബേറിയം

# വി.രാജകൃഷ്ണൻ

രോഗത്തിന്റെ പൂക്കൾ, ശൈലിയുടെ പ്രകാശ തീരങ്ങളിൽ, ചെറുകഥയുടെഛന്ദസ്, ആളൊഴിഞ്ഞ അരങ്ങ്

## വി.സി ശ്രീജൻ

ചിന്തയിലെരൂപകങ്ങൾ, പ്രവാചകന്റെ മരണം, കഥയും പ്രത്യയശാസ്ത്രവും, വാക്കും വാക്കും, ആധുനികോത്തരം വികലനവും വിശകലനവും, അർത്ഥാന്തരന്യാസം.

# ബാലചന്ദ്രൻ വടക്കേടത്ത്

വാക്കിന്റെ സൗന്ദര്യ ശാസ്ത്രം, മരണവും സൗന്ദര്യവും, ഉത്തര സംവേദനം, രമണൻ എങ്ങനെ വായിക്കരുത് ,പുരോഗമന പാഠങ്ങൾ,

## **മറ്റ് പ്രധാന നിരൂപകർ**

ജി മധുസൂദനൻ, പി.പി.രവീന്ദ്രൻ, കെ.എസ്, രവികുമാർ, പി.സോമൻ, പി.കെ പോക്കർ, ഡോ. പി. എസ് രാധാകൃഷ്ണൻ., ടി. ശ്രീവത്സൻ,ഡോ.തോമസ് സ്കറിയ, ഡോ കെ.കെ ശിവദാസ്,പി.പവിത്രൻ ഡോ.സി. ആർ പ്രസാദ്

**<u>ഡോ.ടി കെ സന്തോഷ് കുമാർ</u>**

മലയാള ടെലിവിഷൻ ചരിത്രം,
കെ.പി അപ്പൻ, തരിശുനിലത്തിലെ കാവ്യ
സഞ്ചാരികൾ, ചുറ്റിലും ഓരോ സ്വർഗം
താഴ്ന്ന് താഴ്ന്ന് അകലുമ്പോൾ

# <u>ഇ.പി രാജഗോപാലൻ</u>

വ്യത്യാസം, ജീവിതനാടകം

**<u>നന്ദി</u>**